"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് -എക്സൈസ് - ജീവനക്കാര്യം - ഇടുക്കി ഡിവിഷനിലെ 2 ഓഫീസുകളിൽ നിന്നും ഓരോ സിവിൽ എക്സൈസ് ഓഫീസർമാരുടെ തസ്തിക ഇടുക്കി ഡിവിഷൻ ആഫീസിലേക്ക് പുനക്രമീകരിച്ചുകൊണ്ട് പുതിയ 2 സീറ്റുകൾ കൂടി രൂപീകരിക്കുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**നികുതി(എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.84/2024/TAXES തീയതി,തിരുവനന്തപുരം, 26-12-2024

---

പരാമർശം:- എക്സൈസ് കമ്മീഷണറുടെ 02.11.2024 തീയതിയിലെ ഇ.എക്സ്.സി/6068/2022-എക്സ്.ഡി 1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

1973- ൽ ഇടുക്കി എക്സൈസ് ഡിവിഷൻ ആഫീസ് പ്രവർത്തനം ആരംഭിച്ച കാലത്ത് അനുവദിക്കപ്പെട്ട സ്റ്റാഫ് പാറ്റേണാണ് നിലവിലും തുടർന്നു വരുന്നതെന്നും കാലാകാലങ്ങളിൽ എക്സൈസ് വകുപ്പ് കൈകാര്യം ചെയ്തു വരുന്ന വിഷയങ്ങളുടെ എണ്ണം വളരെയധികം വർദ്ധിച്ചിട്ടുള്ളതനുസരിച്ച് ഇടുക്കി എക്സൈസ് ഡിവിഷൻ ആഫീസിലെ ദൈനംദിന ജോലികളിലും ക്രമാതീതമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നും നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള 5 സെക്ഷനുകളിലെ ജീവനക്കാരെ ഉപയോഗിച്ചുകൊണ്ട് ഇടുക്കി എക്സൈസ് ഡിവിഷൻ ആഫീസിലെ ദൈനംദിന ജോലികൾ ചെയ്തു. തീർക്കുന്നതിനും റിപ്പോർട്ടുകൾ സമയബന്ധിതമായി സമർപ്പിക്കുന്നതിനും വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടെന്നും ആയതിനാൽ എക്സൈസ് റേഞ്ച് ഓഫീസ് മൂലമറ്റം, ദേവികുളം എന്നീ ഓഫീസുകളിൽ നിന്നും ഓരോ സിവിൽ എക്സൈസ് ഓഫീസർമാരുടെ തസ്തിക ഇടുക്കി ഡിവിഷൻ ആഫീസിലേക്ക് പുനക്രമീകരിച്ചുകൊണ്ട് പുതിയ 2 സീറ്റുകൾ കടി രൂപീകരിക്കാൻ അനുമതി നൽകണമെന്ന് പരാമർശിത കത്ത് പ്രകാരം എക്സൈസ് കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അംഗബലം കൂടുതലുള്ള ഇടുക്കി ഡിവിഷനിലെ എക്സൈസ് റേഞ്ച് ഓഫീസ് മൂലമറ്റം, ദേവികുളം എന്നീ ഓഫീസുകളിൽ നിന്നും

ഓരോ സിവിൽ എക്സൈസ് ഓഫീസർമാരുടെ തസ്തിക ഇടുക്കി ഡിവിഷൻ ആഫീസിലേക്ക് പുനക്രമീകരിച്ചുകൊണ്ട് ടി ഓഫീസിൽ പുതിയ 2 സീറ്റുകൾ കൂടി രൂപീകരിക്കാൻ എക്സൈസ് കമ്മീഷണർക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
ജോയിന്റ് സെക്രട്ടറി

1.എക്സൈസ് കമ്മീഷണർ,തിരുവനന്തപുരം
2.അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ് - ഇ.ആർ.എസ്.എ) കേരള, തിരുവനന്തപുരം
3.വെബ് &ന്യൂ മീഡിയ
4.കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Reese. V. A
Date: 27-12-2024 10:16:29
സെക്ഷൻ ഓഫീസർ